പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. * 246

09/07/2015 ൽ
മറുപടിയ്ക്ക്

# കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എം. എ. ബേബി<br>ശ്രീ. എസ്സ്. ശർമ്മ<br>ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2014 സെപ്റ്റംബർ മാസം വൈസ്-ചാൻസലറും, പ്രൊ-വൈസ് ചാൻസലറും ചുമതലയേറ്റതോടുകൂടി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് രജിസ്ട്രാറും, കൺട്രോളർ ഓഫ് എക്സാമിനേഷനും നിയമിതരായി. 2015-16 അക്കാഡമിക് വർഷം, ഒന്നാം വർഷ ബി. ടെക്, എം ടെക് ക്ലാസ്സുകൾ നടത്തുന്നതിനായി സ്കീമും, സിലബസ്സും തയ്യാറായിട്ടുണ്ട്. ഇതനുസരിച്ച് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതിയും കോളേജുകൾക്ക് നൽകിയിട്ടുണ്ട്. എം. ടെക് കോഴ്സുകളുടേയും റഗുലേഷൻ പൂർത്തിയായിട്ടുണ്ട്. |
| (ബി) സർവ്വകലാശാലയിൽ എഞ്ചിനിയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ; | (ബി) സംസ്ഥാനത്തെ ബി. ടെക്, എം.ടെക് കോഴ്സുകൾ നടത്തുന്ന എ. ഐ. സി. ടി.ഇ അംഗീകാരമുള്ള എല്ലാ എഞ്ചിനിയറിംഗ് കോളേജുകളും (മറ്റു സർവ്വകലാശാലകൾ നേരിട്ട് നടത്തുന്നവ [illegible] ഒഴികെ) ഈ സർവ്വകലാശാലയോട് പ്രൊവിഷണലായി |

| | |
|---|---|
| | അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ ഇൻസ്പെക്ഷൻ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ വിദഗ്ദരുടെ ഒരു പാനലിനെ വച്ച് പൂർത്തീകരിക്കുകയും അതിൽ നിന്ന് ലഭിച്ച റിപ്പോർട്ടുകൾ പഠന വിധേയമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. റിപ്പോർട്ടുകൾ പരിശോധന നടത്തി കോളേജുകളുടെ നിലവാരം വിലയിരുത്തിയ ശേഷം അഫിലിയേഷൻ നൽകാനാണ് ഉദ്ദേശിക്കുന്നത് |
| (സി അഫിലിയേഷൻ പൂർത്തിയാകുമ്പോൾ എത്ര എഞ്ചിനിയറിംഗ് കോളേജുകൾ സർവ്വകലാശാലയ്ക്ക് കീഴിൽ വരുമെന്ന് വ്യക്തമാക്കാമോ; | (സി) പ്രൊവിഷണൽ അഫിലിയേഷൻ നൽകിയിട്ടുള്ളത് പ്രകാരം 154 കോളേജുകളാണ് ഉള്ളത്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) എഞ്ചിനിയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) എ. ഐ. സി. ടി. ഇ യുടെ അംഗീകാരമുള്ളതും സർക്കാർ അംഗീകാരമുള്ളതുമായ കോളേജുകൾക്കാണ് എ. ഐ. സി.ടി.ഇ നിശ്ചയിച്ച മാനദണ്ഡ പ്രകാരം അഫിലിയേഷൻ നൽകിയിരിക്കുന്നത്. എ. ഐ. സി. ടി. ഇ 2015-16 ൽ പുറത്തിറക്കിയ അപ്രൂവൽ പ്രോസസ് ഹാന്റ് ബുക്കിൽ ഉള്ള മാനദണ്ഡങ്ങളാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചിരിക്കുന്നത്. |
| (ഇ) നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്നതും നിലവാരം കുറഞ്ഞതുമായ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകാനുദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച നയം വ്യക്തമാക്കാമോ? | (ഇ) എ. ഐ. സി. ടി. ഇ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന എഞ്ചിനിയറിംഗ് കോളേജുകൾക്ക് മാത്രമാണ് അഫിലിയേഷൻ നൽകാൻ ഉദ്ദേശിക്കുന്നത്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ